പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*97

04/02/2019-ൽ മറുപടിയ്ക്ക്

## ലിംഗനീതിയും നവോത്ഥാന ആശയങ്ങളും ഉൾപ്പെട്ട പാഠ്യപദ്ധതി

**ചോദ്യം**

ശ്രീ.കെ.വി.വിജയദാസ്
പ്രൊഫ.കെ.യു. അരുണൻ
ശ്രീ.കാരാട്ട് റസാഖ്
ശ്രീ.യു. ആർ. പ്രദീപ്

**മറുപടി**

പ്രൊഫ.സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) പരീക്ഷാഫല പ്രധാനമായ നിലവിലെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഭാഗമായി ജനുവരി അവസാനവാരം മുതൽ പ്രവേശനോത്സവം വരെ നീളുന്ന കാലയളവിൽ സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ നടത്താൻ നിശ്ചയിച്ചിട്ടുള്ള ജനകീയ പഠനോത്സവങ്ങൾ വഴി ഉദ്ദേശിക്കുന്നത് എന്തെല്ലാമാണ്;

(എ) ജനുവരി അവസാന വാരം മുതൽ പ്രവേശനോത്സവം വരെ നീളുന്ന കാലയളവിൽ സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ നടത്താൻ നിശ്ചയിച്ചിട്ടുള്ള ജനകീയ പഠനോത്സവങ്ങൾ വഴി താഴെപ്പറയുന്ന കാര്യങ്ങളാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

1. പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി വളർത്തുക എന്ന പൊതുവിദ്യാഭ്യാസ യജ്ഞം കാഴ്ചപ്പാട് എത്രമാത്രം ഫലപ്രദമായി നടക്കുന്നു എന്നു വിലയിരുത്തുക.

2. കുട്ടികളുടെ പഠന മികവുകളെ പൊതു സമൂഹവുമായി പങ്കുവെക്കുക.

3. കുട്ടികൾ സ്വാംശീകരിച്ച അറിവും ആർജ്ജിച്ച കഴിവുകളും സമൂഹവുമായി പങ്കുവെയ്ക്കാൻ അവസരം നൽകുകവഴി കുട്ടികൾക്ക് നന്നായി പഠിക്കുവാനും വളരുവാനും ഉള്ള പ്രചോദനം നൽകുക.

4. കുട്ടികളുടെ ആർജ്ജിച്ച ജ്ഞാനത്തെക്കുറിച്ചും വൈവിധ്യമാർന്ന കഴിവുകളെക്കുറിച്ചും സാമൂഹികമായ വിലയിരുത്തലിനുള്ള പുത്തൻ രീതിശാസ്ത്രം വികസിപ്പിക്കുക.

5. കുട്ടികളുടെ മികവാർന്ന പഠനത്തിനായി സമൂഹവും രക്ഷിതാക്കളും വഹിക്കേണ്ട പങ്കിനെക്കുറിച്ച് ധാരണ വികസിപ്പിക്കുക.

6. മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂൾ എന്ന പരിമിതി മുറിച്ചു കടക്കാൻ സ്കൂളുകളെ പ്രാപ്തമാക്കുക.

| | |
|---|---|
| (ബി) കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് പെൺകുട്ടികൾ മേൽക്കോയ്മ നേടിയിട്ടുള്ള സാഹചര്യത്തിൽ പോലും ലിംഗനീതി പൊതു സംസ്കാരത്തിൽ ഉൾച്ചേർന്നിട്ടില്ലെന്ന യാഥാർത്ഥ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ലിംഗനീതി ഉറപ്പു വരുത്തുന്നതിനായി 'ജ്വാല', സെൽഫ് ഡിഫൻസ് പ്രോഗ്രാം തുടങ്ങിയ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. |
| (സി) എങ്കിൽ ലിംഗനീതിയും നവോത്ഥാനവുമായി ബന്ധപ്പെട്ട ആശയങ്ങൾ പാഠ്യപദ്ധതിയിൽ കൂടുതലായി ഉൾപ്പെടുത്തുന്നതിനും ഇത്തരം മൂല്യങ്ങൾ വിദ്യാർത്ഥികളിൽ സംസ്കാരമെന്ന നിലയിൽ വികസിപ്പിച്ചെടുക്കാനുതകുന്ന അദ്ധ്യാപനരീതി വളർത്തിയെടുക്കുന്നതിനും പദ്ധതിയുണ്ടോ; | (സി) അറിവിന്റെ രംഗത്തും സാങ്കേതിക വിദ്യാരംഗത്തും ബോധന ശാസ്ത്ര രംഗത്തും വന്നിട്ടുള്ള മാറ്റങ്ങൾ ഉൾക്കൊണ്ട് പാഠ്യപദ്ധതി നവീകരിക്കുന്നതിനെ കുറിച്ച് ആലോചിച്ചു വരുന്നു. |
| (ഡി) കേന്ദ്ര സർക്കാർ, ദേശീയ നൈപുണ്യ വികസന പരിപാടി (നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക്) നിർബന്ധമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പദ്ധതി നടപ്പിലാക്കുന്നതിനും അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (ഡി) 66 വി.എച്ച്.എസ് സ്കൂളുകളിൽ എൻ.എസ്.ക്യൂ.എഫ് കോഴ്സുകൾ കഴിഞ്ഞ വർഷം നടപ്പിലാക്കിയിട്ടുണ്ട്. SCERT യുടെ നേതൃത്വത്തിൽ Field Technician - Computing Peripherals, Domestic Biometric Data Entry Operator, Micro Irrigation Technician, Flori Culturist, Gardener, Sales Associates, Meet and Greet Officer എന്നീ ജോബ് റോളുകളിലേയ്ക്കുള്ള അദ്ധ്യാപക പരിശീലനങ്ങൾ നൽകി കഴിഞ്ഞു. ഡയറക്ടറേറ്റിൽ രൂപീകരിച്ച ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെല്ലിന്റെ നേതൃത്വത്തിൽ സമഗ്രശിക്ഷാ അഭിയാനുമായി ചേർന്ന് വിദ്യാർത്ഥികൾക്ക് On the Job Field പരിശീലനം നൽകി വരുന്നു. എൻ.എസ്.ക്യൂ.എഫ് സ്കൂളുകളിലെ എല്ലാ അദ്ധ്യാപകർക്കും ത്രിദിന ഓറിയന്റേഷൻ എസ്.സി.ഇ.ആർ.റ്റി നടത്തിയിട്ടുണ്ട്. കൂടാതെ 117 അദ്ധ്യാപകർക്ക് 10 ദിവസത്തെ TOT(Training of Trainer)പരിപാടി ബന്ധപ്പെട്ട സെക്ടർ സ്കിൽ കൗൺസിലുകളുമായി ചേർന്നുകൊണ്ട് നടത്തിയിട്ടുണ്ട്. |

Namitha P

**സെക്ഷൻ ഓഫീസർ**